**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.315** **21.06.2018-ൽ മറുപടിയ്ക്ക്**

**<u>നിശ്ചല നിക്ഷേപങ്ങൾ മൂലധനമാക്കിമാറ്റുന്നതിന് പ്രവാസി ചിട്ടി</u>**

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ<br>,, ബി.സത്യൻ<br>,, എൻ. വിജയൻ പിള്ള<br>,, കാരാട്ട് റസാഖ് | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിശ്ചല നിക്ഷേപങ്ങൾ കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനായുള്ള മൂലധനമാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്ന പ്രവാസി ചിട്ടിയുടെ പ്രത്യേകതകൾ അറിയിക്കാമോ; | (എ) | നിരവധി പ്രത്യേകതകൾ കോർത്തിണക്കിയ പദ്ധതിയാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി പദ്ധതി. ഒന്നാമതായി, പ്രവാസി മലയാളികൾക്ക് പ്രവാസ രാജ്യത്ത് വസിച്ചു കൊണ്ടു തന്നെ, കേരളത്തിന്റെ തനതു സമ്പാദ്യമാർഗ്ഗമായ ചിട്ടിയിൽ ചേരാൻ ചരിത്രത്തിലാദ്യമായി ഈ പദ്ധതി അവസരമൊരുക്കുന്നു. രണ്ടാമതായി, പ്രവാസിയുടെ സമ്പാദ്യം അവർക്ക് യാതൊരു അധികബാധ്യതയുമില്ലാതെ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിന് ഉപയോഗിക്കാൻ കഴിയുന്നു. അങ്ങനെ പ്രവാസിയ്ക്ക് നേട്ടം ഉണ്ടാക്കിക്കൊടുത്തുകൊണ്ട് സംസ്ഥാനവികസനം നടപ്പിലാക്കാൻ കഴിയുന്ന സവിശേഷപദ്ധതിയാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി പദ്ധതി. കെ. എസ്.എഫ് .ഇ യും കിഫ്ബിയും തമ്മിൽ കൈകോർക്കുന്നതു വഴിയാണ് ഇത് സാധ്യമാകുന്നത് . |
| (ബി) | ഓൺലൈനായി നടത്താനുദ്ദേശിക്കുന്ന ചിട്ടിയുടെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ; ചിട്ടി ആകർഷകമാക്കാൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; | (ബി) | ഈ ചിട്ടിയുടെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പു വരുത്താനുള്ള എല്ലാ മുൻ കരുതലും സോഫ്റ്റ് വെയർ സംവിധാനത്തിൽ സ്വീകരിച്ചിട്ടുണ്ട് . ആഴ്ചയിൽ 7 ദിവസവും, ദിവസത്തിൽ 24 മണിക്കൂറും എന്ന കണക്കിൽ, തുടർച്ചയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ ഉപഭോക്താവിന്റെ ഏത് ആവശ്യവും അടിയന്തര സ്വഭാവത്തിൽ കൈകാര്യം ചെയ്യുന്നു. ചിട്ടി ആകർഷകമാക്കാൻ നിരവധി പദ്ധതികളും ആനുകൂല്യങ്ങളും ഇതോടു കൂടി വിളക്കി ചേർത്തിട്ടുണ്ട്. ഇൻഷുറൻസ്, അപകട ഇൻഷുറൻസ്, ആവശ്യമുള്ളവർക്ക് പെൻഷൻ സംവിധാനം എന്നിവയാണ് ഈ ചിട്ടിയോട് കൂട്ടിയിണക്കിയിട്ടുള്ള പ്രധാന ആനുകൂല്യങ്ങൾ. ഇതു പ്രകാരം, ഇടപാടുകാരൻ, ദൗർഭാഗ്യവശാൽ മരിക്കുകയോ തൊഴിൽ എടുക്കാൻ സാധിക്കാൻ കഴിയാത്ത വിധം അപകടത്തിൽ പെടുകയോ ചെയ്താൽ 10 ലക്ഷം രൂപ വരെയുള്ള ബാധ്യതയ്ക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നതായിരിക്കും. വിദേശത്തു |

| | | | |
|---|---|---|---|
| | | | വെച്ച് ഇടപാട്ടുകാരൻ ദൗർഭാഗ്യവശാൽ മരിക്കുകയാണെങ്കിൽ ഭൗതിക ശരീരം നാട്ടിലെത്തിക്കാനുള്ള വിമാനചെലവ് (അനുയാത്രചെയ്യുന്ന വ്യക്തിയുടെ ഉൾപ്പെടെ) കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്. ഇങ്ങനെ പ്രവാസി മലയാളിയുടെ ഉത്കണ്ഠകളേയും ആശങ്കകളേയും പരിഹരിയ്ക്കുന്ന രീതിയിലാണ് ഈ ചിട്ടി രൂപകല്പന ചെയ്തിട്ടുള്ളത് . |
| (സി) | ചിട്ടിപ്പണം ഏത് മാർഗ്ഗത്തിലാണ് വികസന നിക്ഷേപമാക്കി മാറ്റുന്നതെന്നും കുറിയിൽ ചേരുന്നവർക്ക് ആവശ്യാനുസരണം പണം തിരികെ ലഭിക്കുന്നതിന് പ്രയാസമുണ്ടാകാതിരിക്കാൻ ഉറപ്പുവരുത്തിയിട്ടുള്ള ക്രമീകരണവും വിശദമാക്കാമോ; | (സി) | ഈ ചിട്ടിയിൽ അടയ്ക്കുന്ന പണം കിഫ്ബിയിൽ എത്തത്തക്കവിധം ഒരു ക്രമീകരണം കിഫ്ബിയും കെ.എസ്.എഫ്.ഇ യും തമ്മിൽ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ ചിട്ടിപ്പണം കൊടുക്കേണ്ട ആവശ്യത്തിനും മറ്റും പുട്ട് ഓപ്ഷൻ വഴി കെ.എസ്.എഫ്.ഇ -യ്ക്ക് പിൻവലിക്കുകയും ചെയ്യാം. അതുകൊണ്ട് എപ്പോഴും ഫ്രീ ഫ്ലോട്ടായി ഒരു തുക കിഫ്ബിയിൽ ഉണ്ടാകും. ചിട്ടി വർധിക്കുന്നതനുസരിച്ച് ഈ ഫ്രീ ഫ്ലോട്ട് തുക വർദ്ധിച്ചു വരികയും ചെയ്യും. ഈ തുകയാണ് വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കുക . |
| (ഡി) | ഇതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ യെ ശാക്തീകരിക്കാൻ ഉള്ള പദ്ധതിയുടെ വിശദാംശം നൽകുമോ? | (ഡി) | കെ.എസ്.എഫ്.ഇ യ്ക്ക് ഇപ്പോൾ 17 ലക്ഷത്തോളം വരുന്ന ചിട്ടി ഉപഭോക്താക്കൾ ഉൾപ്പെടെ 33 ലക്ഷത്തോളം ഉപഭോക്താക്കൾ ആണ്. 2020 ആകുമ്പോഴേയ്ക്കും ഇടപാട്ടുകാരുടെ എണ്ണം 50 ലക്ഷം ആക്കാനാണുദ്ദേശം. അതു പോലെ ഇപ്പോഴത്തെ വിറ്റുവരവായ 35000 കോടി രൂപ എന്നത് ഒരു ലക്ഷം കോടിയാക്കി വർധിപ്പിക്കാനാണ് വിഭാവനം ചെയ്യുന്നത് . കൂടാതെ 3 സോണൽ ഓഫീസുകളും 15 റീജിയണൽ ഓഫീസുകളുമടക്കം സമ്പൂർണ്ണമായ ഒരു നവീകരണം കെ.എസ്.എഫ്.ഇ യിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇതൊക്കെ വഴി കെ.എസ്.എഫ്.ഇ യുടെ വൻ തോതിലുള്ള ശാക്തീകരണം സാധ്യമാകും. |

സെക്ഷൻ ഓഫീസർ